**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732** **17-03-2022 - ൽ മറുപടിയ്ക്ക്**

**യുവജന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള യുവജന സഹകരണ സംഘങ്ങൾക്ക് പ്രവർത്തന സഹായത്തിന് സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | എല്ലാ സംഘങ്ങൾക്കും മൂലധന ഇനത്തിൽ 10 ലക്ഷം രൂപ നൽകുന്ന ഒരു നിർദ്ദേശം ഗവൺമെന്റ് പരിഗണനയിലാണ്. യുവജന സഹകരണ സംഘങ്ങളുടെ പ്രതിനിധികൾക്കായി സഹകരണ തത്വങ്ങൾ, അക്കൗണ്ടിംഗ്, സംരംഭകത്വം എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരുന്നു. യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംഘം പ്രതിനിധികളുടെ അവലോകന യോഗം വിളിച്ചു ചേർത്ത് അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. ടി സംഘങ്ങൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് കേരളാ ബാങ്കിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് കേരള ബാങ്കിന്, രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സംഘങ്ങളെ സഹായിക്കുന്നതിനായി പ്രമുഖ സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആലോചിച്ചു വരുന്നു. |
| (ബി) | യുവജന സഹകരണ സംഘങ്ങൾക്ക് പ്രതിമാസ സമ്പാദ്യ പദ്ധതി, സ്വർണ്ണപ്പണയ വായ്പ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകാമോ; | (ബി) | യുവ സംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേക്കും സഹകരണ തത്വങ്ങളിലേക്കും ആകർഷിക്കുന്നതിനും, സഹകരണ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കി തൊഴിൽ സാധ്യത ഉറപ്പാക്കി നാടിനും സമൂഹത്തിനും സാമ്പത്തിക പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. യുവജന സഹകരണ സംഘങ്ങളുടെ ബൈലോ വ്യവസ്ഥ പ്രകാരം പ്രതിമാസ സമ്പാദ്യ പദ്ധതി, സ്വർണ്ണപ്പണയ വായ്പ എന്നിവ ആരംഭിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ യുവജന സഹകരണ സംഘങ്ങൾക്ക് പ്രതിമാസ |

| | | | |
|---|---|---|---|
| | | | സമ്പാദ്യ പദ്ധതി, സ്വർണ്ണപ്പണയ വായ്പ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് നിലവിൽ ആലോചിച്ചിട്ടില്ല. |
| (സി) | മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൻകീഴിൽ യുവജന സഹകരണ സംഘങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹായം നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൻ കീഴിൽ യുവജന സഹകരണ സംഘങ്ങൾ ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ